**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4186** **03-03-2023 - ൽ മറുപടിയ്ക്ക്**

**ജി.സി.ഡി.എ-യിലെ പെൻഷൻ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വിശാല കൊച്ചി വികസന അതോറിറ്റിയിലെ ജീവനക്കാർക്ക് പതിനൊന്നാമത് ശമ്പള പരിഷ്കരണ പ്രകാരമുള്ള പുതുക്കിയ ശമ്പളം നടപ്പിലാക്കിയിട്ടും പെൻഷൻകാർക്ക് പഴയനിരക്കിൽ മാത്രമാണ് ആനുകൂല്യങ്ങൾ നൽകിക്കൊണ്ടിരിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | സർക്കാരിന്റെ പതിനൊന്നാം ശമ്പള പരിഷ്കരണം വിശാല കൊച്ചി വികസന അതോറിറ്റി ജീവനക്കാർക്ക് അനുവദിച്ച് നൽകുന്ന വിഷയം തദ്ദേശ സ്വയംഭരണ, ധന വകുപ്പുകളിൽ പരിശോധിച്ച് വരുന്നു. ആയതിന് മുന്നോടിയായി, ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യ തീയതിയായ 01.07.2019-ലെ അതോറിറ്റിയിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിയ്ക്കേണ്ടതായുണ്ട്. സ്റ്റാഫ് പാറ്റേൺ നിശ്ചയിയ്ക്കുന്നതിനുള്ള പ്രൊപ്പോസൽ അതോറിറ്റി സമർപ്പിച്ചിട്ടുള്ളതും ആയത് സർക്കാർ പരിശോധിച്ച് വരുന്നതുമാണ്. പതിനൊന്നാം ശമ്പള പരിഷ്കരണം അതോറിറ്റി ജീവനക്കാർക്ക് അനുവദിച്ച് ഉത്തരവാകുന്ന മുറയ്ക്ക് മാത്രമേ ജിസിഡിഎ പെൻഷൻകാർക്ക് ആയത് അനുവദിച്ച് നൽകുന്ന വിഷയം പരിശോധിയ്ക്കാൻ നിർവ്വാഹമുള്ളൂ. |
| (ബി) | ജി.സി.ഡി.എ -യിൽ പെൻഷൻ നൽകുന്നതിന് സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | പെൻഷൻ/പേ റിവിഷൻ മൂലമുണ്ടാകുന്ന സാമ്പത്തിക ബാധ്യത അതോറിറ്റിയുടെ തനത് ഫണ്ടിൽ നിന്നാണ് കണ്ടെത്തുന്നത്. |
| (സി) | ജി.സി.ഡി.എ -യിൽ പെൻഷൻ പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ; | (സി) | സർക്കാരിന്റെ പതിനൊന്നാം ശമ്പള പരിഷ്കരണം വിശാല കൊച്ചി വികസന അതോറിറ്റി ജീവനക്കാർക്ക് അനുവദിച്ച് നൽകുന്നതിന് മുന്നോടിയായി, ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യ തീയതിയായ 01.07.2019-ലെ അതോറിറ്റിയിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിയ്ക്കേണ്ടതായുണ്ട്. സ്റ്റാഫ് പാറ്റേൺ നിശ്ചയിയ്ക്കുന്നതിനുള്ള പ്രൊപ്പോസൽ അതോറിറ്റി സമർപ്പിച്ചിട്ടുള്ളതും ആയത് സർക്കാർ പരിശോധിച്ച് വരുന്നതുമാണ്. പതിനൊന്നാം ശമ്പള പരിഷ്കരണം അതോറിറ്റി ജീവനക്കാർക്ക് അനുവദിച്ച് ഉത്തരവാകുന്ന മുറയ്ക്ക് മാത്രമേ ജിസിഡിഎ പെൻഷൻകാർക്ക് ആയത് അനുവദിച്ച് നൽകുന്ന വിഷയം പരിശോധിയ്ക്കാൻ നിർവ്വാഹമുള്ളൂ. |

| | | | |
|---|---|---|---|
| (ഡി) | ജി.സി.ഡി.എ -യിലെ പെൻഷൻ പരിഷ്കരിക്കുന്നത് സംബന്ധിച്ച സാങ്കേതിക തടസ്സങ്ങൾ മറികടന്ന് അനുമതി ഉത്തരവ് വേഗത്തിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വിശദമാക്കാമോ? | (ഡി) | സർക്കാരിന്റെ പതിനൊന്നാം ശമ്പള പരിഷ്കരണം വിശാല കൊച്ചി വികസന അതോറിറ്റി ജീവനക്കാർക്ക് അനുവദിച്ച് നൽകുന്നതിന് മുന്നോടിയായി, ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യ തീയതിയായ 01.07.2019-ലെ അതോറിറ്റിയിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിയ്ക്കേണ്ടതായുണ്ട്. സ്റ്റാഫ് പാറ്റേൺ നിശ്ചയിയ്ക്കുന്നതിനുള്ള പ്രൊപ്പോസൽ അതോറിറ്റി സമർപ്പിച്ചിട്ടുള്ളതും ആയത് സർക്കാർ പരിശോധിച്ച് വരുന്നതുമാണ്. പതിനൊന്നാം ശമ്പള പരിഷ്കരണം അതോറിറ്റി ജീവനക്കാർക്ക് അനുവദിച്ച് ഉത്തരവാകുന്ന മുറയ്ക്ക് മാത്രമേ ജിസിഡിഎ പെൻഷൻകാർക്ക് ആയത് അനുവദിച്ച് നൽകുന്ന വിഷയം പരിശോധിയ്ക്കാൻ നിർവ്വാഹമുള്ളൂ. |

സെക്ഷൻ ഓഫീസർ